# ധനവാനും സ്വർഗ്ഗ രാജ്യവും.

പണക്കാർക്കു സമൂഹം കല്പിച്ചു നൽകുന്ന ഉന്നത പരിവേഷം ക്രിസ്തീയ സഭയിലും കടന്നു കൂടി . പണത്താൽ സാധിക്കാത്ത കാര്യമില്ല , പണമില്ലെങ്കിൽ പിണം എന്ന ചിന്ത നിർഭാഗ്യവശാൽ വിശ്വാസികളുടേയും അവബോധ മനസ്സിൽ കുടികൊണ്ടു . പലപ്പോഴും സഭകളിൽ പണക്കാർക്ക് അനർഹമായ ആദരവും ബഹുമാനവും സ്ഥാനമാനങ്ങളും കൊടുക്കുന്ന തെറ്റായ പ്രവണത കണ്ടുവരുന്നു . ഏതു കാര്യത്തിനും കൂടുതൽ പണം നൽകുവാൻ അവർക്കു കഴിയുന്നതിനാൽ പാവപ്പെട്ട വിശ്വാസികളെക്കാൾ കൂടുതൽ പ്രാധാന്യം അവർ കരസ്ഥമാക്കുന്നു . യേശു ദേവാലയത്തിലിരിക്കുമ്പോൾ ധനവാന്മാരായ പലരും വലിയ തുകകൾ ഭണ്ഡാരത്തിൽ ഇടുന്നതു കണ്ടു എങ്കിലും കർത്താവിന് ഏറ്റവും വലുതായി തോന്നിയത് വിധവയുടെ രണ്ടു കാശായിരുന്നു . മനുഷ്യൻ പുറമേയുള്ളതു നോക്കുന്നു യഹോവയോ ഹൃദയങ്ങളെ നോക്കുന്നു .

നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടും കൊണ്ട് ഒരുത്തനും മുഷിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ട് ഒരു ദരിദ്രനും വന്നാൽ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോടു നീ അവിടെ നിൽക്ക അല്ലെങ്കിൽ എന്റെ പാദപീഠത്തിൽ ഇരിക്ക എന്നും പറയുന്നെങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരല്ലയോ എന്നു യാക്കോ: 2: 2-4 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ധനവാന്മാരെ ഭാഗ്യവാന്മാർ എന്നു കരുതുന്നവരുണ്ടെങ്കിലും ദൈവവചനത്തിൽ അങ്ങനെ കാണുന്നില്ല . കർത്താവിന്റെ പഠിപ്പിക്കലുകളിലും താൻ പറഞ്ഞ ഉപമകളിലും ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു പ്രയാസം എന്നും അതിലുമെളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എന്നും പറഞ്ഞിരിക്കുന്നു (മത്താ: 19: 23,24) .

ധനവാന്റേയും ലാസറിന്റേയും ഉപമയും , തനിക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവകകൾ സമ്പാദിച്ചു വെച്ചിരിക്കുന്നു എന്നു പറഞ്ഞ് ആശ്വസിച്ച മൂഢനായ ധനവാന്റെ ഉപമയും ,നിത്യജീവൻ പ്രാപിക്കാനാഗ്രഹിച്ചു എങ്കിലും താൻ ധനവാനാകകൊണ്ട് ദുഃഖിതനായി മടങ്ങിപ്പോയ പ്രമാണിയുമൊക്കെ ധനികരും ദൈവരാജ്യവും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുന്നതിന് ഉദാഹരണങ്ങളായി കർത്താവു പറഞ്ഞിരിക്കുന്നു .
ധനവാന്മാരേ നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ (യാക്കോ 5:1) എന്നും , പുല്ല് ഉണങ്ങിപ്പോകുന്നതു പോലെ ധനവാൻ തന്റെ പ്രയത്നങ്ങളിൽ വാടിപ്പോകും (യാക്കോ: 1:11) എന്നും , ധനികർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണികളിലും കുടുങ്ങുമെന്നും , ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമെന്നും , ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിപ്പാനും അപ്പോസ്തോ

ലനായ പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു .

ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പോകുന്നതു പ്രയാസമെങ്കിൽ തിരുവചനത്തിൽ വിശുദ്ധന്മാരായ അനേകം ധനികന്മാരെക്കുറിച്ചു പറഞ്ഞിട്ടുണ്ടല്ലോ എന്ന ന്യായമായ ഒരു ചിന്ത നമുക്കുണ്ടാകാം . കർത്താവു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം" ഒട്ടകത്തിന്റെ വലിപ്പമാണ് അതിനു സൂചിക്കുഴയിലൂടെ കടക്കുവാൻ തടസ്സമാകുന്നത്.

പല വ്യാഖ്യാനങ്ങളും നടത്തി ഈ സൂചിക്കുഴയുടെ വലിപ്പം കൂട്ടാൻ പലരും ശ്രമിക്കുന്നുണ്ടെങ്കിലും ധനവാൻ ഒരു നൂൽപ്പാലത്തിലൂടെയാണു സഞ്ചരിക്കുന്നത് എന്ന് ഓർക്കുക . ധനം കൂടുമ്പോൾ നമ്മുടെ "സ്വയം" ഉയരുകയും മറ്റുള്ളവരെ നിസ്സാരന്മാരായി കാണുവാൻ തുടങ്ങുകയും ചെയ്യും . കരുണ , ദയ , മറ്റുള്ളവരെ ബഹുമാനിക്കാനുള്ള കഴിവ് എന്നിവ നഷ്ടപ്പെട്ട് ഒട്ടകത്തെക്കാൾ ചീർക്കുമ്പോഴാണ് സൂചിക്കുഴയിലൂടെ കടപ്പാൻ അസാദ്ധ്യമാകുന്നത്.

ധനം കൂടുമ്പോൾ ദൈവാശ്രയം കുറയുകയും പണം കൊണ്ട്എന്തും സാധിക്കാം എന്ന മനോഭാവം വളരുകയും ചെയ്യുന്നു. ഇത് ധനികരും ദൈവരാജ്യവും തമ്മിലുള്ള അകലം കൂട്ടുന്നു. നിന്റെ നിക്ഷേപം ഇരിക്കുന്നിടത്തു നിന്റെ ഹൃദയവും ഇരിക്കുമെന്ന വചനം ഇവിടെ അന്വർത്ഥമാകുന്നു .

ധനം കൂടുമ്പോൾ സൂക്ഷിക്കുക, നാം അപകട മേഖലയിലേക്കു കടക്കുകയാണ്. ദൈവം നമുക്കു നൽകുന്ന പണം നാം നീതിയോടെ വിനിയോഗിക്കുന്നില്ല എങ്കിൽ അതു നമുക്ക് അനുഗ്രഹത്തിനു പകരം ശാപമായി മാറും . കത്തി വളരെ ഉപയോഗമുള്ള സാധനമാണ് പക്ഷെ അതു സൂഷ്മതയോടെ ഉപയോഗിച്ചില്ലെങ്കിൽ ആഴത്തിൽ മുറിവേൽക്കാനിടയാകും .

ഓർക്കുക നാം ഇവിടേക്കു ഒന്നും കൊണ്ടുവന്നിട്ടില്ല എത്ര ധനം സമ്പാദിച്ചാലും ഒന്നും നമ്മോടു കൂടെ കൊണ്ടുപോകുകയും ഇല്ല . നമുക്കു ലഭിക്കുന്ന ധനം കൊണ്ട് നാം ദൈവത്തെ മഹത്വപ്പെടുത്തുവാൻ കടപ്പെട്ടിരിക്കുന്നു . ദൈവം നമ്മുടെ അവസ്ഥയ്ക്ക് ഭേദം വരുത്തുമ്പോൾ നാം കൂടുതൽ ചീർക്കാതെ മറ്റുള്ളവരെ നമ്മളേക്കാൾ ശ്രേഷ്ഠന്മാരെന്നെണ്ണി സഹജീവികളുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കാം . കള്ളൻ അടുക്കുകയോ പുഴു കെടുക്കുകയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ ആയിരിക്കട്ടെ നമ്മുടെ നിക്ഷേപം . നമ്മുടെ ധനം നമുക്കും സ്വർഗ്ഗരാജ്യത്തിനും ഇടയിലൊരു തടസ്സമാകാതിരിപ്പാൻ സൂക്ഷിക്കാം . നമ്മുടെ കർത്താവു വരാറായി .